# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ 1415 — 13/07/2016-ൽ മറുപടിക്ക്

### മഴക്കാല രോഗങ്ങൾ നിയന്ത്രിക്കാൻ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.വി.എസ്.ശിവകുമാർ

ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) മഴക്കാല രോഗങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | എ) | പകർച്ച വ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ജില്ലകളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നു. മഴക്കാലം വരുന്നതിനു മുമ്പേ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ശുചിത്വമിഷനെയും, ഇതരവകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗ പ്രതിരോധ നിയന്ത്രണ ബോധവത്ക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കി വരുന്നു. മെയ് 27 ന് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗ തീരുമാനമനുസരിച്ച് ജൂൺ 1 മുതൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതു സ്ഥലങ്ങൾ, തോട്ടങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചീകരണവും കൊതുകിന്റെ ഉറവിട നശീകരണവും നടത്തിയിരുന്നു. കൂടാതെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടേയും, മറ്റ് ഉദ്യോഗസ്ഥരുടേയും, മരുന്നിന്റെയും, രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടേയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രൈവറ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് പ്രധാന പകർച്ചവ്യാധികളെ സംബന്ധിക്കുന്ന ചികിത്സാ മാർഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. രോഗം പൊട്ടി പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹ സന്ദർശനം, മെഡിക്കൽ ക്യാമ്പ്, മൊബൈൽ ക്ലിനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും |

| | | |
|---|---|---|
| | | രോഗപകർച്ച തടയുന്നതിനുള്ള കൊതുക് നശീകരണ പ്രവർത്തനങ്ങളും (ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്), വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജലശുദ്ധി ഉറപ്പു വരുത്തുവാനായി ക്ലോറിനേഷൻ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വയറിളക്കരോഗത്തിന്റെ പാനിയ ചികിത്സക്ക് ആവശ്യമായ ഓ.ആർ.എസിന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. |
| ബി) പനിബാധിതരായവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര; | ബി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| സി) പനി ബാധിതർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; | സി) | ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും, മരുന്നിന്റെയും രോഗ നിയന്ത്രണത്തിനുള്ള സാധന സാമഗ്രികളുടേയും ലഭ്യതയും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ പ്രൈവറ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ള ഡോക്ടർമാർക്ക് പ്രധാന പകർച്ചവ്യാധികളെ സംബന്ധിക്കുന്ന പരിശീലനവും ചികിത്സാ മാർഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പനി വാർഡുകൾ, പനി ക്ലിനിക്കുകൾ തുടങ്ങിയവ സ്ഥാപിക്കുകയും ഒ.പി. സമയം നീട്ടുകയും ചെയ്തിട്ടുണ്ട്. പനി വാർഡുകളിൽ കൊതുക് വല ഉറപ്പു വരുത്തിയിട്ടുണ്ട്. |
| ഡി) വിവിധയിനം പനികൾ ബാധിച്ചവരുടെ എണ്ണം വ്യാപകമാകുന്നു എന്ന പത്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | ഡി) | ഇത്തരം പത്ര റിപ്പോർട്ടുകൾ ശ്രദ്ധിക്കാനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഐ.ഡി.എസ്.പി വിഭാഗത്തിൽ പ്രത്യേക പ്രവർത്തന രീതി (മീഡിയ സ്കാൻ ആന്റ് വേരിഫിക്കേഷൻ സെൽ) നിലവിലുണ്ട്. ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ജില്ലാ സർവലൻസ് ആഫീസറുമായി ചർച്ച ചെയ്ത് വാർത്തകളുടെ നിജസ്ഥിതി ഉറപ്പാക്കുകയും അതിനനുസൃതമായി തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്. |
| പകർച്ചവ്യാധികൾ പടർന്നുപിടിക്കാൻ സാദ്ധ്യതയുള്ള തീരദേശമേഖലയിൽ ആയത് നിയന്ത്രിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ? | | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# District wise Fever cases from Januray to July 10th in 2016

| | Viral Fever | Chikungunya | Dengue | Lepto | Malaria | Typhoid | H1N1 | Scrub Typhus |
|---|---|---|---|---|---|---|---|---|
| TVM | 154793 | 53 | 570 | 336 | 57 | 15 | - | 239 |
| KLM | 99219 | - | 532 | 35 | 27 | 97 | 1 | 16 |
| PTA | 40749 | - | 443 | 40 | 23 | 16 | - | - |
| IDK | 44218 | - | 110 | 5 | 4 | 23 | 1 | 3 |
| KTM | 42317 | - | 437 | 49 | 19 | 15 | - | - |
| ALP | 62954 | - | 147 | 82 | 16 | 4 | - | 1 |
| EKM | 90215 | - | 275 | 32 | 70 | 2 | - | - |
| TSR | 120336 | 4 | 112 | 53 | 57 | 11 | - | 13 |
| PKD | 117967 | - | 74 | 11 | 9 | 84 | - | 5 |
| MLP | 184329 | - | 166 | 4 | 53 | 595 | 2 | 1 |
| KKD | 97320 | - | 76 | 65 | 72 | 47 | 7 | 10 |
| WYD | 64061 | 3 | 90 | 55 | 16 | 133 | 2 | 48 |
| KNR | 95390 | - | 47 | 2 | 53 | 26 | - | 3 |
| KSD | 52418 | - | 118 | 1 | 84 | - | 1 | 1 |
| Total | 1266286 | 60 | 3197 | 770 | 560 | 1068 | 14 | 340 |

സെക്ഷൻ ഓഫീസർ